# സർക്കസ് കാണാൻ കലക്ടറും കുട്ടികളും

**പാലക്കാട്**

ചിൽഡ്രൻസ് ഹോമിലെയും മഹിളാ മന്ദിരത്തിലെയും താമസക്കാർക്ക് സർക്കസ് കാണാൻ അവസരമൊരുക്കി വിശ്വാസ്. ജീവിതത്തിൽ ആദ്യമായി സർക്കസ് കണ്ട ആവേശത്തിലായിരുന്നു കുട്ടികളും വനിതകളും.



**വിശ്വാസിന്റെ നേതൃത്വത്തിൽ ചിൽഡ്രൻസ് ഹോമിലെയും മഹിളാ മന്ദിരത്തിലെയും താമസക്കാർ കലക്ടർ മൃൺമയി ജോഷിക്കൊപ്പം സർക്കസ് കാണാനെത്തിയപ്പോൾ**

പാലക്കാട് സ്റ്റേഡിയം മൈതാനത്ത് നടക്കുന്ന ഗ്രേറ്റ് ബോംബെ സർക്കസിലെ ട്രപ്പീസ്, മണിപ്പൂരി വാൾ, കത്തി അഭ്യാസങ്ങൾ, ഫയർ ഡാൻസ് എന്നിവ കുട്ടികൾക്ക് കൗതുകമായി. സർക്കസ് കോമാളികളുടെ പ്രകടനങ്ങളും നായകളുടെ കണക്ക് കൂട്ടലും തത്തകളുടെ പ്രകടനങ്ങളും കുട്ടികളെ രസിപ്പിച്ചു. വിശ്വാസിന്റെ ആഭിമുഖ്യത്തിൽ ഈശ്വർ ചാരിറ്റബിൾ ട്രസ്റ്റിന്റെയും ലീഡ് കോളേജിന്റെയും സഹകരണത്തോടെ ചിൽഡ്രൻസ് ഹോമിലെയും മഹിളാമന്ദിരം സർക്കാർ വനിതാ ശിശു മന്ദിരത്തിലെയും നൂറോളം താമസക്കാർക്കും സഹായികൾക്കുമാണ് സൗജന്യമായി പ്രദർശനം ഒരുക്കിയത്.

കലക്ടർ മൃൺമയി ജോഷി, വിശ്വാസ് സെക്രട്ടറി പി പ്രേംനാഥ്, വൈസ് പ്രസിഡന്റ് അഡ്വ. ദേവി കൃപ, മാനേജിങ് കമ്മിറ്റി അംഗം രാജി അജിത്, ഈശ്വർ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ ബി ജയരാജൻ, മഹിളാ മന്ദിരം സൂപ്രണ്ട് എം ടി ടിൻസി, ചിൽഡ്രൻസ് ഹോം കെയർ ടേക്കർ എൻ സലീം, വനിതാ ശിശു മന്ദിരം മാനേജർ മവിത, പി എം കേശവൻ, കൗൺസിലർ എ മധു എന്നിവർ പങ്കെടുത്തു.